കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ-കണ്ടിജൻസി വിഭാഗം ജീവനക്കാർക്ക് ഭൂമി പതിച്ച് പട്ടയം നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.. 3282/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 30-11-2012

---

പരാമർശം :-

1. തൊടുപുഴ നഗരസഭ കൗൺസിലിന്റെ 24/01/2007 ലെ 2(1) നമ്പർ തീരുമാനം
2. തൊടുപുഴ നഗരസഭ സെക്രട്ടറിയുടെ 24/2/2007 ലെ പി.ഡബ്ള്യൂ 3 6440/06 നമ്പർ കത്ത്
3. നഗരകാര്യ ഡയറക്ടറുടെ 14/09/2007 ലെ ജി 3.11071/2007 നമ്പർ കത്ത്
4. 20/08/2010 ലെ 36233/ആർ.സി4/2007/തസ്വഭവ നമ്പർ കത്ത്
5. തൊടുപുഴ നഗരസഭയുടെ 14/12/2010 ലെ ഒന്നാം നമ്പർ തീരുമാനം
6. തൊടുപുഴ നഗരസഭ സെക്രട്ടറിയുടെ 4/01/2011 ലെ പി.ഡബ്ള്യൂ 3 6440/06 നമ്പർ കത്ത്
7. ഇടുക്കി ജില്ലാ കളക്ടറുടെ 24/09/2012 ലെ സി1 45080/2007 നമ്പർ കത്ത്

## ഉത്തരവ്

തൊടുപുഴ നഗരസഭയിലെ കണ്ടിജൻസി വിഭാഗം ജീവനക്കാരായ പതിനാല് പേർക്ക് തൊടുപുഴ നഗരസഭ വക തൊടുപുഴ വില്ലേജ് സർവേ 363/3 ബി യിൽപ്പെട്ട സ്ഥലത്തുനിന്നും നാല് സെന്റ് വീതമുള്ള പ്ളോട്ടും വീട് നിർമ്മിക്കുന്നതിന് ഹഡ്കോ മുഖേനെ വായ്പയും അനുവദിച്ചിരുന്നു. . വായ്പ തുക മുഴുവൻ അടച്ച് തീർത്ത സാഹചര്യത്തിൽ പ്ളോട്ടുകൾക്ക് പട്ടയം നൽകണമെന്ന് കൈവശക്കാരായ ജീവനക്കാർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ളോട്ടുകൾക്ക് കൈവശരേഖ നൽകുന്നതിന് പരാമർശം(1)പ്രകാരം തീരുമാനമെടുത്ത് പരാമർശം(2) പ്രകാരം അനുമതിക്കായി അപേക്ഷിച്ചെങ്കിലും നഗരസഭ വക സ്ഥലം സൗജന്യമായി നൽകാൻ കഴിയില്ലെന്ന് പരാമർശം(4)പ്രകാരം അറിയിച്ചുകൊണ്ട് നഗരസഭയുടെ ആവശ്യം സർക്കാർ നിരസിക്കുകയുണ്ടായി.അതിന്റെ അടിസ്ഥാനത്തിൽ ഭൂമി അനുവദിച്ച സമയത്തെ വില ഈടാക്കി പ്ളോട്ടുകളുടെ ഉടമസ്ഥാവകാശം ജീവനക്കാർക്ക് കൈമാറുന്നതിനും ,രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി ലഭിക്കുന്നതിനുമുള്ള അനുമതിക്കായി പരാമർശം(5) പ്രകാരം തീരുമാനമെടുത്ത് പരാമർശം(6) പ്രകാരംസർക്കാരിലേക്ക് അപേക്ഷിക്കുകയുണ്ടായി.ടി സ്ഥലത്തിന് ആർ ഒന്നിന് 25000 രൂപ കമ്പോളവിലയുള്ളതാണെന്ന് പരാമർശം(7) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. . ടി ജീവനക്കാർക്ക് ഭൂമി അനുവദിച്ച് നല്കാവുന്നതാണെന്ന് പരാമർശം(3) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.അതിന്റെ അടിസ്ഥാനത്തിൽ പരാമർശം(1) ലെ നഗരസഭാ തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന താഴെ ചേർത്തിരിക്കുന്ന 14 കണ്ടിജൻസി വിഭാഗം

ജീവനക്കാർക്ക് അഥവാ അവർ മരണമടഞ്ഞിട്ടുണ്ടെങ്കിൽ അവരുടെ നിയമപ്രകാരമുള്ള അനന്തരാവകാശികൾക്ക് ഒരു കുടുംബത്തിന് ഒരു പ്ളോട്ടെന്ന് തീർച്ചപ്പെടുത്തി തൊടുപുഴ നഗരസഭ വക തൊടുപുഴ വില്ലേജ് സർവേ 363/3 ബി യിൽപ്പെട്ട സ്ഥലത്തു നിന്നും നാല് സെന്റ് വീതം ജില്ലാ കളക്ടർ നിശ്ചയിച്ചിരിക്കുന്ന കമ്പോളവില ഈടാക്കി പതിച്ച് പട്ടയം നൽകുന്നതിന് തൊടുപുഴ നഗരസഭക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം | ജീവനക്കാരുടെ പേര് | ഉദ്യോഗപേര് |
|---|---|---|
| 1. | ശ്രീ.സി.കെ.ശിവശങ്കരൻ നായർ | സാനിട്ടേഷൻ വർക്കർ |
| 2. | ശ്രീ.പി.റ്റി.മത്തായി | സ്വീപ്പർ |
| 3. | ശ്രീ.പി.ഒ.വർഗ്ഗീസ് | സാനിട്ടേഷൻ വർക്കർ |
| 4. | ശ്രീ.വർഗ്ഗീസ് ജോസഫ് | സാനിട്ടേഷൻ വർക്കർ |
| 5. | ശ്രീ.കെ.എം.ജോസഫ് | സ്വീപ്പർ |
| 6. | ശ്രീ.പി.കെ.ഗോപി | സാനിട്ടേഷൻ വർക്കർ |
| 7. | ശ്രീ.കെ.എം.മുഹമ്മദ് | സ്വീപ്പർ |
| 8. | ശ്രീമതി.പി.എസ്.ജമീല | സ്വീപ്പർ |
| 9. | ശ്രീ.ജയകുമാർ.റ്റി.ആർ | സ്വീപ്പർ |
| 10. | ശ്രീമതി.കെ.ജെ.ഏലിക്കുട്ടി | ഡ്രെയിൻ വർക്കർ |
| 11. | ശ്രീമതി.അംബിക ചൂർവടി | ആന്റി മോസ്കിറ്റോ |
| 12. | ശ്രീ.എം.എസ്.ബാബു | ആന്റി മോസ്കിറ്റോ |
| 13. | ശ്രീമതി.തങ്കമ്മ | സാനിട്ടേഷൻ വർക്കർ |
| 14. | ശ്രീമതി.കുഞ്ഞുപെണ്ണ് | സ്വീപ്പർ |

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

**To**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A , തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
സെക്രട്ടറി, തൊടുപുഴ നഗരസഭ, ഇടുക്കി (ഓരോ ജീവനക്കാർക്കും പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ